


# കോവിഡ് –19 അക്കാഡമി; കുടുംബശ്രീ അംഗങ്ങൾക്ക് ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രത്യേക പരിശീലനം

ദേശീയ ദുരന്ത നിവാരണ അതോറിറ്റി (നാഷണൽ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി– എൻഡിഎംഎ) ഇന്ത്യയിലെ മുഴുവൻ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും കോവിഡ്–19 പ്രതിരോധ, ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് സ്ഫിയർ ഇന്ത്യ (Sphere India) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്ഫിയർ ഇന്ത്യയുടെ നേതൃത്വത്തിൽ സിവിൽ ഡിഫൻസ് വോളണ്ടിയേഴ്സ്, സന്നദ്ധ സംഘടനാ വോളണ്ടിയേഴ്സ് തുടങ്ങിയവർക്ക് കോവിഡ് 19 ദുരന്തനിവാരണവുമായി ബന്ധപ്പെട്ട ബോധവത്ക്കരണ പരിശീലനം കോവിഡ് 19 അക്കാഡമി എന്ന പേരിൽ നൽകുന്നുണ്ട്. ഇതേക്കുറിച്ച് അറിഞ്ഞപ്പോൾ കുടുംബശ്രീ ത്രിതല സംഘടനാ ഭാരവാഹികൾ, കുടുംബശ്രീ ഉദ്യോഗസ്ഥർ എന്നിങ്ങനെ കേരളത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്ന കുടുംബശ്രീ സംവിധാനത്തിന്റെ ഭാഗമായവരെയും ഈ പരിശീലനത്തിന്റെ ഭാഗമാക്കാൻ ഞങ്ങൾ തീരുമാനിച്ചു.

കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർമാർ, അസിസ്റ്റന്റ് ജില്ലാ മിഷൻ കോർഡിനേറ്റർമാർ, പ്രോഗ്രാം മാനേജർമാർ, ബ്ലോക്ക് കോർഡിനേറ്റർമാർ, സിഡിഎസ്, എഡിഎസ്, അയൽക്കൂട്ട ഭാരവാഹികൾ, അക്കൗണ്ടന്റുമാർ, കമ്മ്യൂണിറ്റി കൗൺസിലർമാർ, ട്രൈബൽ ആനിമേറ്റർമാർ, കോസ്റ്റൽ വോളന്റിയർമാർ, കാസ്, ട്രെയിനിങ് ടീം അംഗങ്ങൾ എന്നിവർ ഇന്ന് ഔദ്യോഗികമായി തുടക്കമായ ഈ പരിശീലനത്തിൽ പങ്കെടുക്കും. ഓൺലൈൻ മുഖേന സംഘടിപ്പിക്കുന്ന പരിശീലന പരിപാടി 11 ദിവസങ്ങളിലായാണ്

സംഘടിപ്പിക്കുന്നത്.

റിസ്ക് കമ്മ്യൂണിക്കേഷൻ, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിലെ മുൻനിര പ്രവർത്തകരുടെ പരിരക്ഷ, ജെൻഡർ-ജെൻഡർ മെയിൻ സ്ട്രീം ആൻഡ് അഡ്രസ്സിങ് ജെൻഡർ ബേസ്ഡ് വയലൻസ് ഇൻ ഹ്യൂമാനിറ്റേറിയൻ ആക്ഷൻ, മാനസിക ആരോഗ്യവും കോവിഡ് കാലത്തെ സാമൂഹ്യ മാനസിക പ്രശ്നങ്ങളും, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ കുടുംബശ്രീ സംഘടനാ സംവിധാനം ഉൾപ്പെടെയുള്ള സിബിഒ-യുടെ പങ്കും ചുമതലകളും, ദുരന്ത നിവാരണ പ്ലാൻ (സംസ്ഥാന-ജില്ലാ-തദ്ദേശ സ്വയംഭരണം) സംസ്ഥാന നയം, സ്കൂൾ കുട്ടികളുടെ സുരക്ഷിതത്വം, സുസ്ഥിര വികസന ലക്ഷ്യം, കാലാവസ്ഥാ വ്യതിയാനം, സെൻഡൈ (Sendai) ഫ്രെയിം വർക്ക് ഫോർ ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ, ഡിസബിലിറ്റി ഇൻക്ലൂസീവ് ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ എന്നീ വിഷയങ്ങളിലാണ് ഒക്ടോബർ 21 വരെയുള്ള നിശ്ചിത ദിനങ്ങളിലായി പരിശീലന ക്ലാസ്സുകൾ സംഘടിപ്പിച്ചിരിക്കുന്നത്.

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുമായി സഹകരിച്ച് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ മികച്ച പങ്കാണ് കുടുംബശ്രീ വഹിച്ചുവരുന്നത്. ഫീൽഡ് തലത്തിൽ പരിചയസമ്പത്തുള്ളവർക്ക് കൂടുതൽ ശാസ്ത്രീയമായ പരിശീലനം നൽകാൻ കോവിഡ്19 അക്കാദമി ക്ലാസ്സുകൾ മുഖേന കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.